## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 18 10.12.2012-ൽ മറുപടിക്ക്

### സേവനാവകാശ നിയമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. സി.കെ. നാണു** | | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** | |
| (എ) | സേവനാവകാശ നിയമം നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (എ) | 2012 നവംബർ 1 മുതൽ സേവനാവകാശ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനാവശ്യമായ ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളോടും/സ്ഥാപനങ്ങളോടും പ്രസ്തുത നിയമമനുസരിച്ചുള്ള സേവനങ്ങൾ ടി നിയമപ്രകാരം വിജ്ഞാപനം ചെയ്യുവാൻ 23.11.2012 - ലെ 21145/ ഏ.ആർ. 12(1) / ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം സേവനങ്ങളാണ് സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ളത് ; | (ബി) & (സി) | പ്രസ്തുത നിയമം 3-ാം വകുപ്പ് പ്രകാരം, ഈ നിയമത്തിന്റെ പ്രാരംഭം മുതൽ ആറുമാസത്തിനകം, ഓരോ സർക്കാർ വകുപ്പും ഓരോ വകുപ്പുമേധാവിയും, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഓരോ നിയമാധിഷ്ഠിത നികായവും, അവ ഓരോന്നും നൽകുന്ന സേവനങ്ങൾ (നിയമം 2(g) വകുപ്പിന്റെ പരിധിയിൽപ്പെട്ടവ) ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുണ്ട്. |
| (സി) | കൂടുതൽ സേവനങ്ങൾ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ? | | |

സെക്ഷൻ ഓഫീസർ